**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4259** **09-08-2021 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഇന്നുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പത്ര - ദൃശ്യ – ഓൺലൈൻ മാധ്യമങ്ങൾക്ക് പ്രധാനമായും അച്ചടി മാധ്യമങ്ങൾക്കും പഞ്ചായത്ത് തലം വരെ പ്രാദേശിക ലേഖകർ ഉണ്ട്. മാധ്യമ സ്ഥാപനങ്ങൾ പലതും താത്കാലിക അടിസ്ഥാനത്തിലാണ് ഇവരിൽ നിന്ന് വാർത്തകൾ ശേഖരിക്കുന്നത്. '2008- ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016 ലെ ജി.ഒ (പി) നമ്പർ 24/2016/ തൊഴിൽ ഉത്തരവ് മുഖേന കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുവാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്റ്റ് 1955 ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ , ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്'. പ്രാദേശിക മാധ്യമപ്രവർത്തകർക്ക് 2008 ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാൻ അവസരമുണ്ട്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് 19/08/2019 ലെ സ.ഉ.(സാധാ) നം 1005/2019/തൊഴിൽ പ്രകാരം ടി പദ്ധതിയിൽ അംഗങ്ങളായി ചേരാൻ സൗകര്യമുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റാ- യുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി ലഭിക്കും. |
| (ബി) | പ്രാദേശിക മാദ്ധ്യമ പ്രവർത്തകരെ സാംസ്കാ രിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സാംസ്കാരിക ക്ഷേമനിധിയിൽ പ്രാദേശിക മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്താനാകുമോ എന്ന കാര്യത്തിൽ അഭിപ്രായവും തീരുമാനവും അറിയിക്കേണ്ടത് സാംസ്കാരിക വകുപ്പാണ്. ഈ വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ